**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5210** **14-03-2023 - ൽ മറുപടിയ്ക്ക്**

**നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ന്റെ വകുപ്പ് 28-ൽ പരാമർശിക്കുന്ന അപ്പീൽ അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്ന് അറിയിക്കാമോ; | (എ) | കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 2008-ന്റെ വകുപ്പ് 28-ൽ പരാമർശിക്കുന്നത് അപ്പീൽ സംബന്ധിച്ചല്ല. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ/ ഉത്തരവുകൾ എന്നിവയ്ക്കെതിരെ സർക്കാരിൽ നൽകുന്ന റിവിഷൻ അപേക്ഷ സംബന്ധിച്ചാണ് വകുപ്പ് 28 പ്രതിപാദിക്കുന്നത് .<br><br>നിലവിൽ, വകുപ്പ് 28 പ്രകാരം സർക്കാരിൽ ലഭിക്കുന്ന റിവിഷൻ ഹർജികൾ പരിഗണിക്കുന്നതും തീരുമാനം കൈക്കൊള്ളുന്നതും, സർക്കാരിലെ കൃഷി (NCA) വകുപ്പ് മുഖേനയാണ്. ആയതിനാൽ, ഇപ്രകാരമുള്ള റിവിഷൻ ഹർജികൾ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/കാർഷികോൽപ്പാദന കമ്മീഷണർക്കാണ് നൽകേണ്ടത് . |
| (ബി) | പ്രസ്തുത അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വകുപ്പ് 28 പ്രകാരം ലഭിക്കുന്ന റിവിഷൻ ഹർജിയിലെ അപേക്ഷകരെയും എതൃ കക്ഷികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ടും, രേഖകൾ/റിപ്പോർട്ടുകൾ പരിശോധിച്ചുമാണ് തീർപ്പ കല്പ്പിക്കുന്നത്. |
| (സി) | ഇപ്രകാരം നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ? | (സി) | വകുപ്പ് 28 പ്രകാരം, നാളിതുവരെ ലഭിച്ച റിവിഷൻ ഹർജികളുടെ എണ്ണം, കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളതല്ല. എന്നാൽ ഇ - ഓഫീസ് സംവിധാനം നിലവിൽ വന്നതിനു ശേഷം, 860 റിവിഷൻ ഹർജികൾ ലഭിച്ചിട്ടുള്ളതും, ആയതിൽ 410 റിവിഷൻ ഹർജികൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. ശേഷിക്കുന്നവയിൽ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ